Draft #1 of File 44185/AC B6-1/2020/AC B 6 Approved by ASSISTANT REGISTRAR IV (ACADEMIC) on 23-Sep-2020 09:33 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഏകജാലക പ്രവേശനം -2020-21- അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ മേൽനോട്ട സമിതിയുടെ 16.09.2020 തീയതിയിൽ കൂടിയ യോഗത്തിന്റെ ശിപാർശകൾ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 6 സെക്ഷൻ**

നമ്പർ. 4252/AC B 6/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 24.09.2020

---

*പരാമർശം:-*ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ മേൽനോട്ട സമിതിയുടെ 16.09.2020 തീയതിയിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ മേൽനോട്ട സമിതിയുടെ 16.09.2020-ൽ ചേർന്ന യോഗത്തിൽ, മേൽ പരാമർശം പ്രകാരം, 2020-21 അക്കാദമിക വർഷത്തിലെ പ്രവേശനം സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുകയും ശേഷം താഴെപ്പറയുന്ന ശിപാർശ ചെയ്യുകയും ചെയ്തു.

1. ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായി ഏകജാലകപ്രക്രിയയുടെ ഓൺലൈൻ രജിസ്ട്രേഷൻ 17.09.2020 ന് ആരംഭിക്കുന്നതിനു ശിപാർശ ചെയ്തു.
2. സിപാസ്സിനു കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസിൽ 2020-21 അക്കാദമിക വർഷം മുതൽ നടത്തപ്പെടുന്നതായ ഇന്റഗ്രേറ്റഡ് പ്രോഗ്രാം ഇൻ മാസ്റ്റർ ഓഫ് ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ്,സ്കൂൾ ഓഫ് അപ്ലൈഡ് ലൈഫ് സയൻസ്, ചുട്ടിപ്പാറയിലെ എം.എസ് സി ഫിഷറീസ് ആൻഡ് അക്വാകൾച്ചർ എന്നീ പ്രോഗ്രാമുകൾ പി.ജി ക്യാപ്പിൽ ഉൾപ്പെടുത്തുന്നതിനു ശിപാർശ ചെയ്തു.
3. 2020-21 അക്കാദമിക വർഷം ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ സ്പോർട്സ് ക്വാട്ടാ പ്രവേശനം മുതൽ സർവ്വകലാശാല സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ മുതിർന്ന കായികാദ്ധ്യാപകരുൾപ്പെട്ട സമിതി കേന്ദ്രീകൃതമായി സ്പോർട്സ് ക്വാട്ടാ പ്രാഥമിക റാങ്ക് ലിസ്റ്റ് വേരിഫൈ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനു ശിപാർശ ചെയ്തു.
4. ബി.എഡ് പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം സർവ്വകലാശാല തല കേന്ദ്രീകൃത പ്രവേശനത്തിലൂടെ നടത്തുന്നതിനു സർക്കാർ ഉത്തരവായ സാഹചര്യത്തിൽ ബി. എഡ് ക്യാപ്പ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ആരംഭിക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും പി.ജി ക്യാപ്പിന്റെ അപേക്ഷാ ഫീസ് തന്നെ ബി.എഡ് ക്യാപ്പിനു ബാധകമാക്കുന്നതിനും ശിപാർശ ചെയ്തു.

5. സ്വാശ്രയ മേഖലയിൽ നടത്തപ്പെടുന്നതായ ബി.വോക് ഉൾപ്പെടെയുള്ള വിവിധ പ്രോഗ്രാമുകളുടെ ഫീസ് നിലവിൽ സർക്കാർ നിശ്ചയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സർക്കാർ ഫീസ് നിജപ്പെടുത്തിയിട്ടില്ലാത്ത സ്വാശ്രയ പ്രോഗ്രാമുകളുടെ ഫീസ് നിജപ്പെടുത്തുന്നതിനു സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനു സിൻഡിക്കേറ്റിന്റെ അഫിലിയേഷനായുള്ള ഉപസമിതിയെ ചുമതലപ്പെടുത്തുന്നതിനു ശിപാർശ ചെയ്തു.

മേൽ ശിപാർശകൾ ബഹു. വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസിലർ/ പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പി എസ് മാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫിസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
3. ഡയറക്ടർ, സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ്
4. ജോയിൻറ് രജിസ്ട്രാർ I/II (ഭരണം )
5. ഡെപ്യൂട്ടി രജിസ്ട്രാർ II (അക്കാദമിക് )
6. അസിസ്റ്റൻറ് രജിസ്ട്രാർ IV (അക്കാദമിക് )
7. എസി എ 1/7/8
8. ഐ ക്യൂ എ സി/ കണ്ടെന്റ് മാനേജ്മെന്റ് സെൽ
9. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 44185/AC B6-1/2020/AC B 6 Approved by ASSISTANT REGISTRAR IV (ACADEMIC) on 23-Sep-2020 09:33 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം